പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.195 | 07/08/2017 ൽ മറുപടി നല്കേണ്ടത്. |

**കല്ലറ സി.എച്ച്.സി., വാമനപുരം പി.എച്ച്.സി. എന്നിവയ്ക്ക് കെട്ടിട നിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ സി.എച്ച്.സി., വാമനപുരം പി.എച്ച്.സി. എന്നിവയ്ക്ക് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; | എ) | വാമനപുരം പി.എച്ച്.സി യിൽ കെട്ടിടനിർമ്മാണത്തിനായി 6 കോടി 20 ലക്ഷം രൂപയുടെ ഭരണാനുമതി (സ.ഉ (Rt) 643 / 17/ആകുവ, തീയതി 13/03/17) നൽകിയിട്ടുണ്ട്. കല്ലറ സി.എച്ച്.സി യിൽ കെട്ടിട നിർമ്മാണത്തിനായി ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ, മുൻ എം.എൽ.എ യുടെ വികസന ഫണ്ടിൽ നിന്ന് 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ എം.എൽ.എ യുടെ അപേക്ഷ പരിഗണിച്ച് സ.ഉ(നം) 276/16 ആ.കു.വ തീയതി 27.01.16 പ്രകാരം പ്രസ്തുത നിർമ്മാണ പ്രവർത്തനം റദ്ദ് ചെയ്യുകയുണ്ടായി. കല്ലറ സി.എച്ച്.സി യ്ക്ക് കെട്ടിട നിർമ്മാണത്തിനായി 175 ലക്ഷം രൂപയുടെ ഭരണാനുമതി (സ.ഉ (ആർ.ടി) 3823/13/ആകുവ തീയതി 16/11/13) നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ? | ബി) | വാമനപുരം പി.എച്ച്.സി യിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലറ സി.എച്ച്.സി യിൽ നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ